LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിനായി എല്ലാ വർഷവും യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.

(ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവയെ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്.

(സി) കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികളെയും ദൃശ്യ-അച്ചടി-മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2011 ആഗസ്റ്റ് 25, 26 തീയതികളിൽ എറണാകുളം കലൂരിൽ വച്ച് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. 2013 നവംബർ 29, 30 ഡിസംബർ 1 തീയതികളിൽ കോഴിക്കോട് വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ കേരള മുഖ്യമന്ത്രിയുമായി മുഖാമുഖം പരിപാടി, മാധ്യമ രംഗത്തെ പ്രഗത്ഭർ നയിച്ച സെഷനുകൾ എന്നിവ സംഘടിപ്പിച്ചു. 2014 ഏപ്രിൽ 27, 28, 29 തീയതികളിൽ കോഴിക്കോട് ജില്ലയിലെ വെള്ളിമാട് കുന്നിൽ വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നായി ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു. വിവിധ സെഷനുകൾ രംഗത്തെ പ്രഗത്ഭർ നയിച്ചു.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചുവരുന്നത്.

ദേശീയോദ്ഗ്രഥന ക്യാമ്പുകൾ

220 (8056) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹൗസിംഗ് വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ അന്യസംസ്ഥാന പ്രതിഭകളെ ഉൾപ്പെടുത്തി ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985 മുതൽ ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളായി 'ജാഗരൺഭാരത്' എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു. 2014-ൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ വികാസ് കേന്ദ്രയിൽ വച്ച് മേയ് 21 മുതൽ 25 വരെ ' ജാഗരൺഭാരത് ' ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു. കേരളം ഉൾപ്പെടെ 23 സംസ്ഥാനങ്ങളിൽ നിന്നുമായി 450 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരവും കലയും നമ്മുടെ നാടിനെ പരിചയപ്പെടുത്തുക വഴി ദേശീയോദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക എന്നതാണ് ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യം. വിവിധ ഭാഷകളുടെയും വേഷവിധാനങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സംസ്കാരങ്ങളുടെയും ഒത്തുചേരൽ ഈ ക്യാമ്പ് വഴി സാധ്യമാകുന്നു.

(സി) വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ അവരവരുടെ സംസ്ഥാനങ്ങളിലെ തനത് കലാ രൂപങ്ങൾ അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ദേശീയ അവബോധം വളർത്തുന്നതിനായുള്ള സെമിനാർ സംഘടിപ്പിച്ചു കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ടാണ് 'ജാഗരൺഭാരത്' ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചത്. നാഷണൽ സർവ്വീസ് സ്കീം, നെഹ്റു യുവകേന്ദ്ര തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹകരണം പ്രസ്തുത ക്യാമ്പിന് പ്രയോജനപ്പെടുത്താറുണ്ട്. 2014-ലെ 'ജാഗരൺഭാരത്' ക്യാമ്പ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ., കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണം ലഭിച്ചിട്ടുണ്ട്.

1281/2018

LIBRARY ARCHIVES Kerala Legislative Assembly